# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.5/278/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/05/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.5/278/21 തീയ്യതി: 12/05/2021

## പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2019 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-03-2021 | 30-03-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-03-2021 | 30-03-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അനിൽകുമാർ സി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ദീപ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീകുമാർ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കല അജിത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഹരികുമാർ പി.ജി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സംഗീതാ പത്മരാജൻ | അസിസ്റ്റന്റ് എഞ്ചിനീയര് | 01-04-2019 | 31-03-2020 |
| ഡോ. ജിനു ജി. തോമസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. ഷേർലി ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. വഹീദാ റഹ്മാൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 20-08-2019 |
| ഡോ. നിഷാ എൽ. ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 21-08-2019 | 31-03-2020 |
| ഡോ. പ്രീതി ഏലിയാമ്മ ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 04-06-2019 |
| ഡോ. സംഗീതാ വി.സി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-06-2019 | 31-03-2020 |
| ശ്രീമതി ആൻസി എം. സലിം | കൃഷി ഓഫീസർ | 01-04-2019 | 21-11-2019 |
| ശ്രീ. ഗണേഷ് കുമാർ പി | കൃഷി ഓഫീസർ | 22-11-2019 | 31-03-2020 |
| ശ്രീമതി വനജ എം | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 02-06-2019 |
| ശ്രീമതി ഷംമ്ന ഐ. | ഹെഡ് മിസ്ട്രസ്സ് | 03-06-2019 | 31-03-2020 |
| ശ്രീമതി സൗമ്യ കെ. കെ., | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ശ്രീമതി പ്രസന്നകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-12-2019 | 31-03-2020 |
| ശ്രീമതി ശ്രീലത എം. ആര് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസര് | 01-04-2019 | 31-03-2020 |
| ശ്രീമതി രതീഷ് ഡി. | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസര് | | |
| ശ്രീമതി സുനിത ബീഗം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreekumar.S (Auditor, On 29-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arunkumar S (Senior Grade Auditor, On 29-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-05-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arunkumar S (Senior Grade Auditor, On 29-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arunkumar S (Senior Grade Auditor, On 29-03-2021)<br>Last Updated By: Arunkumar S (Senior Grade Auditor, On 29-03-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: C. Anilkumar (Audit Officer, On 29-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Arunkumar S (Senior Grade Auditor, On 29-03-2021)<br>Last Updated By: Arunkumar S (Senior Grade Auditor, On 29-03-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Deepa S (Asst. Audit Officer, On 29-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 29-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 29-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 05-05-2021) | 1-10 |
| 11 | കരാറുകാരന് അധിക പ്രതിഫലം നൽകി<br>Written By: C. Anilkumar (Audit Officer, On 02-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-11 |
| 12 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 02-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 02-04-2021) | 1-12 |
| 13 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവ്യത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം<br>Written By: C. Anilkumar (Audit Officer, On 02-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 02-04-2021) | 1-13 |
| 14 | ലൈഫ് ഭവനപദ്ധതി -ഫണ്ട് ലാപ്സാക്കി<br>Written By: Sreekumar.S (Auditor, On 02-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-14 |
| 15 | ലാപ്പ്ടോപ്പ് വാങ്ങൽ - ബില്ലിനേക്കാൾ അധികം തുക നൽകി<br>Written By: Sreekumar.S (Auditor, On 31-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-05-2021) | 1-15 |
| 16 | വസ്തുനികുതി പിരവ് 100ശതമാനം-<br>Written By: Sreekumar.S (Auditor, On 02-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-16 |
| 17 | കരാർ കാലാവധിക്ക് ശേഷം പൂർത്തീകരിച്ച | 1-17 |

| | | |
|---|---|---|
| | പ്രവൃത്തികൾക്ക് പിഴ ചുമത്തുന്നില്ല<br>Written By: C. Anilkumar (Audit Officer, On 03-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | |
| 18 | റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്കു വരുത്തിയില്ല<br>Written By: C. Anilkumar (Audit Officer, On 02-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-18 |
| 19 | കന്നുകുട്ടി പരിപാലനപദ്ധതി -തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Deepa S (Asst. Audit Officer, On 30-03-2021)<br>Last Updated By: Deepa S (Asst. Audit Officer, On 30-03-2021) | 1-19 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-20 |
| 21 | അഗതി ആശ്രയ പദ്ധതി മുടങ്ങിക്കിടക്കുന്നു<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.26 കോടി രൂപ തൻവർഷം നഷ്ടപ്പെടുത്തി<br>Written By: C. Anilkumar (Audit Officer, On 03-04-2021)<br>Last Updated By: C. Anilkumar (Audit Officer, On 04-05-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കരാറുകാരന് അർഹമായതിലും അധികം പ്രതിഫലം നൽകി<br>Written By: C. Anilkumar (Audit Officer, On 03-04-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 3-1 |
| 2 | ലാപ്പ്ടോപ്പ് വാങ്ങൽ - ബില്ലിനേക്കാൾ അധികം തുക നൽകി<br>Written By: Sreekumar.S (Auditor, On 03-04-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-05-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: C. Anilkumar (Audit Officer, On 07-05-2021) | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-05-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arunkumar S (Senior Grade Auditor, On 28-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 06-05-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചെന്നീർക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 07.02.2019-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത് 11.05.2020-ലെ 1-ാം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 12.05.2020 |

വാർഷിക ധനകാര്യ പത്രികയിലെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ:-

**ഡെപ്പോസിറ്റ് റീഫണ്ട്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല**

ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2019-20 വർഷം ക്യാരി ഓവർ ചെയ്ത ഡെപ്പോസിറ്റുകളുടെ വിവരം, റീഫണ്ട് ചെയ്ത ഡെപ്പോസിറ്റുകളുടെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ B7 പ്രകാരമുള്ള നീക്കിയിരുപ്പിന്റെ കൃത്യത , RP 34 പ്രകാരമുള്ള റീഫണ്ടിന്റെ കൃത്യത എന്നിവ ബോധ്യപ്പെട്ടിട്ടില്ല.

**വസ്തു നികുതി-സഞ്ചയ, സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ഷെഡ്യൂൾ RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകളും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**എം.ജി.എൻ.ആർ.ജി.എസ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.**

ഈയിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുളള വരവ് 718388 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് 503388 രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12085452 |
| ഓഡിറ്റ് വർഷത്തെ വരവ് | 50209901 |
| ആകെ | 62295353 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50690879 |
| നീക്കിയിരിപ്പ് | 11604474 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 148634 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 10205165 | 10205165 | 9513015 | 692150 |
| വികസനഫണ്ട്- | 0 | 9361294 | 9361294 | 5814518 | 3546776 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി. | | | | | |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC- Tied) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7891945 | 7891945 | 5690895 | 2201050 |
| ലോകബാങ്ക് സഹായം | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 13023000 | 13023000 | 7816435 | 5206565 |
| മെയിനൻസ് ഗ്രാന്റ് - റോഡിതരം | 0 | 3251000 | 3251000 | 1857682 | 1393318 |
| **പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്)** | | | | | |
| ഇല്ല | | | | | |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| ശുചിത്വമിഷൻ | 2781256 | 0 | 2781256 | 382645 | 2398611 |
| സാക്ഷരത | 12008 | 414 | 12422 | 0 | 12422 |
| കേരളോൽസവം | 0 | 20000 | 20000 | 0 | 20000 |
| ചിയാക് | 0 | 4026 | 4026 | 0 | 4026 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 5632.50 | 718388 | 724020.50 | 724020.50 | 0 |
| ഐ.സി.ഡി.എസ്. | 995288 | 710062 | 1705350 | 0 | 1705350 |
| **മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ** | | | | | |
| ആർദ്രകേരളം പുരസ്കാരം | 0 | 500000 | 500000 | 0 | 500000 |

വികസനഫണ്ട് ജനറൽ, വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied), മെയിന്റനൻസ് ഗ്രാന്റ് - റോഡ് എന്നീ ഇനങ്ങളിലെ വരവ്, ചെലവ് തുക സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എ.സി.ആർ. പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യപത്രിക RP- 7 പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 9513015 | 9471634 | 41381 |
| വികസനഫണ്ട് (എസ്.സി.പി) | 5814518 | 5202122 | 612396 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 5690895 | 4917555 | 773340 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 7816435 | 7600469 | 215966 |

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. എം.ജി.എൻ.ആർ.ജി.എസ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന വരവ് 718388 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ വരവ് കാണിച്ചിരിക്കുന്നത് 503388 രൂപയാണ്.
2. ഐ.സി.ഡി.എസ്(കേന്ദ്രാവിഷ്കൃത ഫണ്ട്) ഇനത്തിൽ 1705350 രൂപ നീക്കിയിരുപ്പ് ഉണ്ട്. എന്നാൽ ടി തുക ചെലവഴിക്കുന്നതിന് 2019-20-ൽ പ്രൊജക്ട് ആവിഷ്കരിച്ചിട്ടില്ല.

3. കേന്ദ്ര/സംസ്ഥാനാവിഷ്കൃത ഫണ്ട് ഇനങ്ങളിലായി 2019-20-ൽ ആകെ 57.37 ലക്ഷം രൂപ ലഭ്യമായിരുന്നു. എന്നാൽ ആയതിൽ 11.06 ലക്ഷം രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവയുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 70776272 | 143 | 36849222 | 42 | 12 | 73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിലെ തൻവർഷത്തെ വരവ് ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5632.50 | 503388 | 509021.50 | 509020 | 0.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (EFMS) | 0 | 1115558 | 1115558 | 1115558 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 318 | 1948800 |
| വാർദ്ധക്യകാല പെൻഷൻ | 1885 | 10058700 |
| വിധവാ പെൻഷൻ | 639 | 3675000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 21 | 105600 |
| വികലാംഗ പെൻഷൻ | 213 | 1227700 |
| തൊഴിൽ രഹിത വേതനം | 12 | 7680 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/03/2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 31040 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകൾ, വൗച്ചറുകൾ, അനുബന്ധ രേഖകൾ തുടങ്ങിയവ ശരിയായി പരിപാലിച്ച് വരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 2017-18 വരെയും, പെർഫോമൻസ് ഓഡിറ്റ് 2019 മെയ്- സെപ്റ്റംബർ വരെയും നടത്തിയിട്ടുണ്ട്.

## 1-11 കരാറുകാരന് അധിക പ്രതിഫലം നൽകി

വനിതാ കമ്മ്യൂണിറ്റി ഹാളിന് ട്രസ്സ് വർക്ക് നടത്തി സെമിനാർ ഹാൾ നിർമ്മാണം (127/19, 207/20) എന്ന പ്രവൃത്തിക്ക് ഐറ്റം പ്രതിയുള്ള നിരക്കിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന് ഓരോ ഇനത്തിലുമുള്ള പ്രസ്തുത നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ഫൈനൽ ബിൽ തുക കണക്കാക്കി നൽകിയതിനാൽ അർഹമായതിലും അധിക പ്രതിഫലമായി 116474 രൂപ നൽകി. വിശദ വിവരങ്ങൾക്ക് ഭാഗം-3 ഖണ്ഡിക 3-1 കാണുക.

## 1-12 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തോഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തോഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെന്നീർക്കര ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം 165515/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 1655/- രൂപ കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/26-03-21) ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലമാണ് കളക്ഷൻ ചാർജ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് അടക്കാതിരുന്നതെന്നും 2020-21 വർഷം വർക്ക് ബില്ലുകൾ മാറുന്ന മുറയ്ക്ക് ക്ഷേമനിധി ഫണ്ടിൽനിന്നും പ്രസ്തുത തുക ഒടുക്കുന്നതാണെന്നും അസി. എഞ്ചിനിയർ അറിയിച്ചു. ക്ഷേമനിധി ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെന്നീർക്കര ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലേക്ക് ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്ത് തുടങ്ങിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ

ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2019-20 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടഎണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2015-16 | 6 | 40130 | 0 | 40130 |
| 2016-17 | 1 | 3200 | 0 | 3200 |
| 2017-18 | 7 | 16200 | 0 | 16200 |
| 2018-19 | 8 | 42400 | 0 | 42400 |
| 2019-20 | 4 | 17300 | 0 | 17300 |
| ആകെ | 26 | 119230 | 0 | 119230 |

2015-16 മുതൽ 19-20 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/20-03-21) മറുപടിയിൽ ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടി 119230/-രൂപ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള തുകയായി പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ലൈഫ് ഭവനപദ്ധതി -ഫണ്ട് ലാപ്സാക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി |
| പ്രോജക്ടിന്റെ നമ്പർ | 98/2019-20 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 2500000 |
| ചെലവ് | 600000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി |
| പ്രോജക്ടിന്റെ നമ്പർ | 106/2019-20 |
| വിഭാഗം | എസ്.സി.പി |
| അടങ്കൽ | 2647865 |
| ചെലവ് | 305000 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പറഞ്ഞ രണ്ട് ലൈഫ് ഭവന നിർമ്മാണ പദ്ധതികളുടെ അടങ്കൽ 51,47,865 രൂപയായിരുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷം ചെലവഴിച്ച തുക 905000 രൂപ മാത്രമാണ്. 4242865 രൂപ ചെലവഴിക്കാതെ ലാപ്സാക്കി. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ധാരളം പേർ ഉണ്ടായിരിക്കേ 4 ഗുണഭോക്തക്കൾക്ക് വസ്തു വാങ്ങുന്നതിനായി

825000 രൂപയും 2 ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിനുള്ള അഡ്വാൻസ് തുകയായ 80000 രൂപയുമാണ് നൽകിയിരിക്കുന്നത്. 2020 മാർച്ച് മാസത്തിലാണ് മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് തുക നൽകിയിരിക്കുന്നത്. കൃത്യസമയത്ത് പദ്ധതി നടപ്പിലാക്കാത്തത് കാരണമാണ് 4242865 രൂപ ആ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും നഷ്ടമായത്.

## 1-15 ലാപ്പ്ടോപ്പ് വാങ്ങൽ - ബില്ലിനേക്കാൾ അധികം തുക നൽകി

ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി രണ്ട് പ്രോജക്ടുകളിലായി 24 ലാപ്പ്ടോപ്പുകൾ സെൻട്രൽ പ്രോക്യൂയർമെന്റ് സെൻറർ സിസ്റ്റത്തിലൂടെ (കെൽട്രോൺ വഴി) വാങ്ങിയിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച പെർഫോമ ഇൻവോയിസ് /ബില്ല് എന്നിവയേക്കാൾ 32160 രൂപ അധികം നൽകി. വിശദ വിവരങ്ങൾക്ക് ഭാഗം-3 ഖണ്ഡിക 3-2 കാണുക.

## 1-16 വസ്തുനികുതി പിരവ് 100ശതമാനം-

2019-20 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ വസ്തു നികുതിയിനത്തിലെ ഡിമാന്റ് -റെസിഡൻഷ്യൽ വിഭാഗത്തിൽ 2906411 രൂപയും നോൺ റെസിഡൻഷ്യൽ വിഭാഗത്തിൽ 711167 രൂപയുമാണ്. വസ്തു നികുതിയിനത്തിലെ ഡിമാന്റ് തുക മുഴുവൻ പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടത്തിൽ പങ്കാളികളായ മുഴുവൻ ജീവനക്കാരെയും ഭരണസമിതിയേയും അഭിനന്ദിക്കുന്നു.

## 1-17 കരാർ കാലാവധിക്ക് ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പിഴ ചുമത്തുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012/ PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ എ.സി. 2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് 18-08-2018 ന് ശേഷം പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള പിഴയാണോ അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിലാണോ പിഴയീടാക്കേണ്ടതെന്നുള്ള കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം നാളിതുവരെ വ്യക്തത വരുത്തിയിട്ടില്ല. കരാർ കാലാവധിക്കു ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പിഴ ചുമത്തിക്കൊണ്ട് കാലാവധി നീട്ടി നൽകുകയോ സപ്ലിമെന്റൽ എഗ്രിമെന്റ് വയ്പ്പിക്കുകയെ ചെയ്തിട്ടില്ല. ഓഡിറ്റ് വർഷം സ്പിൽ ഓവർ അംഗീകാരം

വാങ്ങിയതും കരാർ കലാവധിക്ക ശേഷം പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് ഫൈനൽ ബിൽ തുകയിൽ നിന്നും പിഴയീടാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | വനിതാ കമ്മ്യൂണിറ്റി ഹാളിന് മുകളിൽ ട്രസ്സ് വർക്ക് നടത്തി സെമിനാർ ഹാൾ നിർമ്മിക്കൽ(127/19, 207/20)<br>കരാറുകാരൻ : വിനീത് കുമാർ.സി.ജെ<br>എഗ്രിമെന്റ് നം./ തീയതി : 71/AE/LSGD/18-19/CHKA /07-03-19<br>PAC: 869161/-(Revised)<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 07-03-19<br>പൂർത്തീകരിച്ച തീയതി: 28-10-19<br>ഫൈനൽ ബിൽ നം. / തീയതി :ചെക്ക് നം. 076769 689806102/22-11-2019<br>തുക 869144/- | 07-06-2019 മുതൽ 29-06-2019 വരെ | 8692 | 0 | 26076 | കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല. |
| | | 30-06-2019 മുതൽ 21-08-2019 വരെ | 17384 | | | |
| | | ആകെ | 26076 | | | |
| 2. | ചെന്നീർക്കര ഗ്രാമ പഞ്ചായത്ത് ഓഫീസ് - ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ(194/18, 175/19, 1911/20)<br>കരാറുകാരൻ : സജി മാത്യൂ<br>എഗ്രിമെന്റ് നം./ തീയതി : 73/AE/LSGD/17-18/CHKA /14-03-18<br>PAC : 749992<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 14-03-18<br>പൂർത്തീകരിച്ച തീയതി:27-07-19<br>ഫൈനൽ ബിൽ നം. / തീയതി : | 14-06-2018 മുതൽ 06-07-2018 വരെ | 7500 | 0 | 22500 | കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല. |
| | | 07-07-2018 മുതൽ 23-07-2018 വരെ | 15000 | | | |

| | | | | | | |
|---|---|---|---|---|---|---|
| | 19050252015100441384/13-08-19<br>തുക 563200/-<br>ചെക്ക് നം. 340223 689806102/20-08-2019<br>തുക 185495/- | | | | | |
| | | ആകെ | 22500 | | | |
| 3. | ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണം<br>(212/18, 181/19, 192/20)<br>കരാറുകാരൻ : സജി മാത്യൂ<br>എഗ്രിമെന്റ് നം./ തീയതി : 74/AE/LSGD/17-18/CHKA /14-03-18<br>PAC: 449716<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 14-03-18<br>പൂർത്തീകരിച്ച തീയതി: 02-07-19<br>ബിൽ നം. /തീയതി : 19050252015100371933/23-07-19<br>തുക 445000/-<br>ചെക്ക് നം. 340217 689806102/05-08-2019<br>തുക 4715/- | 14-06-2018 മുതൽ 06-07-2018 വരെ | 4497 | 0 | 13491 | കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല. |
| | | 07-07-2018 മുതൽ 23-07-2018 വരെ | 8994 | | | |
| | | ആകെ | 13491 | | | |
| 4. | കല്ലുംകൂട്ടത്തിൽ പടി കരിമ്പുകണ്ടത്തിൽ പടി റോഡ് സംരക്ഷണഭിത്തി (200/18, 179/19, 179/20)<br>കരാറുകാരൻ : ബിജു ഡാനിയേൽ<br>എഗ്രിമെന്റ് നം./ തീയതി :68/AE/LSGD/17-18/CHKA /27-02-18<br>PAC: 540000/-<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 27-02-18<br>പൂർത്തീകരിച്ച തീയതി: 14-03-19<br>ഫൈനൽ ബിൽ തുക : 540000 | 27-05-2018 മുതൽ 18-06-2018 വരെ | 5400 | 0 | 16200 | കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല. |
| | | 19-06-2019 മുതൽ 11-7-2019 വരെ | 10800 | | | |

| | | | | | | |
|---|---|---|---|---|---|---|
| | ഫൈനൽ ബിൽ നം. / തീയതി : 19050252015100044048/05-04-19 | ആകെ | 16200 | | | |
| 5. | കുഴിക്കാട്ടിൽപ്പടി കൊല്ലൻ പടി റോഡ് സംരക്ഷണഭിത്തി(110/19, 173/20)<br>കരാറുകാരൻ : ഗോപാലകൃഷ്ണപിള്ള<br>എഗ്രിമെന്റ് നം./ തീയതി :33/AE/LSGD/17-18/CHKA /09-08-18<br>PAC: 144880/-<br>പ്രവൃത്തിയുടെ കാലാവധി : 6മാസം<br>ആരംഭിച്ച തീയതി : 09-08-18<br>പൂർത്തീകരിച്ച തീയതി: 14-03-19<br>ഫൈനൽ ബിൽ തുക : 365905<br>ഫൈനൽ ബിൽ നം. / തീയതി : 19050252015100044044 /05-04-19 | 09-02-19 മുതൽ 25-03-19 വരെ<br>25-03-19 മുതൽ 08-05-19 വരെ<br>ആകെ | 1449<br>2898<br>4347 | 0 | 4347 | കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല.സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല. |

പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/30-03-2021) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. കരാർ കാലാവധി കഴിഞ്ഞ പ്രവൃത്തികൾക്ക് പിഴയീടാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് അസി. എഞ്ചിനിയറുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയാണ്. ബന്ധപ്പെട്ട കരാറുകാരിൽ നിന്നും പിഴയീടാക്കുന്നതിനുള്ള നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്കു വരുത്തിയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന രണ്ട് റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യണമായിരുന്നു. ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി കുറവ് ചെയ്തിട്ട് വേണമായിരുന്നു കരാറുകാരന് അർഹതപ്പെട്ട തുക കണക്കാക്കേണ്ടിയിരുന്നത്. ബാരൽ വില/ ജി.എസ്.ടി കുറവ് ചെയ്യാഞ്ഞതു മൂലം ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി | ഈടാക്കേണ്ടിയിരുന്ന | | ഈടാക്കിയ | | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ബാരലിന്റെ എണ്ണം | ബാരൽ വില | ജി.എസ്.ടി | ബാരൽ വില | ജി.എസ്.ടി | |
| 1. | മാത്തൂർ - വലിയാനിക്കൽ റോഡ് റീടാറിംഗ് (61/19,196/20)<br>അടങ്കൽ : 497000(MG Road)<br>കരാറുകാരൻ : ഷാജി തോമസ്സ്<br>ഫൈനൽ ബിൽ തുക : 496297<br>ബിൽ നം./ തീയതി : 19050252015100277631/27-06-19 | 28 | 6664 | 1200 | 0 | 0 | 7864 |
| 2. | വിരപ്പൻകുഴി ആശാരിയേത്ത് പടി റോഡ് റീടാറിംഗ് (59/19, 195/20)<br>കരാറുകാരൻ : ഷാജി തോമസ്സ്<br>അടങ്കൽ : 209000(MG Road)<br>ഫൈനൽ ബിൽ തുക : 208303<br>ബിൽ നം./ തീയതി : 19050252015100559867/07-09-19 | 12 | 2856 | 514 | 0 | 0 | 3370 |
| | ആകെ | 40 | 9520 | 1714 | 0 | 0 | 11234 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്കാണ് ബാരൽ വില ക്രഡിറ്റ് ചെയ്യേണ്ടത്. ബാരൽ വില / ജി.എസ്.ടി ഇനത്തിൽ ടി 11234/- രൂപ ഈടാക്കാതിരുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (10/27/03-21) ലഭ്യമാക്കിയ മറുപടിയിൽ കാലിബാരൽ വില ഈടാക്കാതിരുന്ന വിവരം ബന്ധപ്പെട്ട കരാറുകാരനെ ബോധ്യപ്പെടുത്തിയയെന്നും ടി രണ്ട പ്രവൃത്തികൾക്കും ഉപയോഗിച്ച ടാറിന്റെ കാലി ബാരലുകൾ പഞ്ചായത്തിന് തിരികെ നൽകാമെന്ന് കരാറുകാരൻ അറിയിച്ചതായും അസി.എഞ്ചിനിയർ പ്രസ്താവിച്ചിട്ടുണ്ട്. കരാറുകാരൻ ബാരൽ തിരികെ ഏൽപ്പിക്കുന്ന പക്ഷം ആയത് ലേലം ചെയ്ത് ലേല തുക സഞ്ചിത നിധിയിലേക്കും ആയതിന്റെ ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലനപദ്ധതി -തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ കന്നുകുട്ടി പരിപാലനപദ്ധതിക്കായി ജില്ലാ മൃഗക്ഷണവകുപ്പ് ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയ വികസനഫണ്ടിൽ 153065/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | പദ്ധതി പൂർത്തിയായ തീയതി |
|---|---|---|---|---|---|
| 2015-16 | 99/16 | 300000 | 257955 | 42045 | 20.03.2018 |

| | | | | | |
|---|---|---|---|---|---|
| 2016-17 | 17/17 | 250000 | 194708 | 55292 | 02.11.2018 |
| 2017-18 | 10/18 | 87500 | 61459 | 26041 | 03.03.2020 |
| 2018-19 | 26/19 | 125000 | 95313 | 29687 | 01.12.2020 |
| ആകെ | | | | 153065 | |

മേൽ പ്രകാരം പദ്ധതി പൂർത്തിയായതിനു ശേഷവും ചെലവഴിക്കാതെ അവശേഷിക്കുന്ന 153065/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നിലവിൽ 117688 രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. പ്രതിവർഷം 1402989 രൂപയാണ് ഈയിനത്തിൽ ചെലവ്. പഞ്ചായത്ത് പരിധിയിൽ 269 പൊതുടാപ്പുകൾ നിലവിലുണ്ടെന്ന കണക്കിലാണ് ഈ തുക അടയ്ക്കുന്നത്. എന്നാൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ തുക അടയ്ക്കുന്നത് എന്ന് ഉറപ്പുവരുത്താനാവില്ല. അവസാനമായി സംയുക്ത പരിശോധന നടത്തിയത് ഏത് തീയതിയിലാണെന്ന് വ്യക്തമല്ല.

സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായവയുടെ കൃത്യമായ എണ്ണം കണക്കാക്കി അധികച്ചെലവ് ഒഴിവാക്കുന്നതിന് കഴിയും. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-21 അഗതി ആശ്രയ പദ്ധതി മുടങ്ങിക്കിടക്കുന്നു

ഗ്രാമപഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതിയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പദ്ധതിയുടെ ഭാഗമായി ഭക്ഷണവിതരണം മാത്രമാണ് നടപ്പിലാക്കിയിരുന്നത്. 25/09/2019-ന് ശേഷം ഭക്ഷണവിതരണവും മുടങ്ങിയിരിക്കുകയാണ്. നിലവിൽ 22,16,123 രൂപ നീക്കിയിരിപ്പ് ഉണ്ട്. പദ്ധതിയിൽ 175 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. അനർഹരായ ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലാണ് പദ്ധതി പ്രവർത്തനം നിർത്തി വച്ചിരിക്കുന്നത്. എന്നാൽ റീവിസിറ്റ് നടത്തി പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഓരോ വർഷവും തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതിയുടെ മോണിറ്ററിംഗ് ഫലപ്രദമല്ല. അർഹരായ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കി പദ്ധതി പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.26 കോടി രൂപ തൻവർഷം നഷ്ടപ്പെടുത്തി

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 35285075/- രൂപ വകയിരുത്തി 119 പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതിൽ 49 പ്രവൃത്തികൾ സ്പിൽ ഓവറും 70 എണ്ണം തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 104 എണ്ണം ഭാഗികമായി/പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 77 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 10-02-20 മുതൽ 31-03-20 വരെ സമർപ്പിച്ച 27 വർക്ക് ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻ വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 15 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വകയിരുത്തുന്ന തുക സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കാത്തതു മൂലവും ട്രഷറി നിയന്ത്രണങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ബിൽ സമർപ്പിക്കാതെ സാമ്പത്തിക വർഷത്തിന്റെ അവസാനം ബിൽ സമർപ്പിക്കുന്നതു മൂലവും ലഭ്യമായിട്ടുള്ള ഫണ്ട് ചെലവാകാതെ കോടികൾ ലാപ്സാകുന്നു. ഫണ്ട് ലാപ്സാകുന്ന വിഷയം മുൻവർഷങ്ങളിൽ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽക്കൊണ്ടുവന്നുവെങ്കിലും ലഭ്യമാകുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതിന്റെ ഗൗരവം എൽ.എസ്.ജി.ഡി പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്ക്കരിച്ച | അടങ്കൽ | നടപ്പാക്കിയതും തുക | ചെലവഴിച്ചതുക | ട്രഷറി | ലാപ്സായ | ലാപ്സാകാത്ത | ലാപ്സായ |
|---|---|---|---|---|---|---|---|

| പദ്ധതി | തുക | ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | | കൃവിലായബിൽ | ബിൽ തുക | അടങ്കൽ | അടങ്കൽ |
|---|---|---|---|---|---|---|---|
| 119 | 35285075 | 77 | 17650438 | 27 | 6282656 | 4986391 | 6365590 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ കൃവിലായതു മൂലവും 15 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 12648246/- രൂപ 2019-20 ൽ ലാപ്സാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 1278200 | 1212338 | 65862 |
| സി.എഫ്.സി | 8326820 | 5379425 | 2947395 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 15553000 | 7816435 | 7736565 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 2131000 | 232576 | 1898424 |
| ആകെ | 27289020 | 14640784 | 12648246 |

മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും സാമ്പത്തിക വർഷാവസാനം പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം കൃവിലാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 1.26കോടി രൂപ തൻവർഷം ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/30-03-21) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് എന്ത് കാരണങ്ങൾ നിരത്തിയാലും മരാമത്ത് പ്രവൃത്തികൾക്കായി നീക്കിവച്ച 1.26 കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിന്റെ അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക വികസന പദ്ധതി വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിലെ പോരായ്മയും കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയും പശ്ചാത്തല മേഖലയിൽ വകയിരുത്തിയിരുന്ന ഗണ്യമായ ഫണ്ട് ലാപ്സാകുന്നതിന് കാരണമായി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന് അർഹമായതിലും അധികം പ്രതിഫലം നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വനിതാ കമ്മ്യൂമിറ്റി ഹാളിന് ട്രസ്സ് വർക്ക് നടത്തി സെമിനാർ ഹാൾ നിർമ്മാണം (127/19, 207/20) |
| അടങ്കൽ | 1405000(തനത് ഫണ്ട്) |

| | |
|---|---|
| കരാറുകാരൻ | വിനീദ്കുമാർ.സി.ജെ |
| എം.ബുക്ക് നം. | 9/19-20 |
| ഫൈനൽ ബിൽ തുക | 869144/- |
| ചെക്ക് നം./ തീയതി | 076769689806102/22-11-19 |

പ്രവർത്തിയുടെ ഓരോ ഇനത്തിന്മേലുള്ള നിരക്കിൽ ടെണ്ടർ സമർപ്പിച്ച കരാറുകാരന് പ്രസ്തുത നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക കണക്കാക്കി നൽകിയതുമൂലം അർഹമായതിലും അധികം പ്രതിഫലം നൽകുന്നതിന് ഇടയായി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം ആവിഷ്കരിച്ച് 2019-20 ൽ സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രവൃത്തിക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് കരാറുകാർ ടെണ്ടർ സമർപ്പിച്ചു. ഐറ്റം പ്രതിയുള്ള നിരക്കിൽ കുറഞ്ഞ നിരക്കായ 1212328.66 രൂപ ക്വോട്ട് ചെയ്ത ശ്രീ. വിനീദ്കുമാർ.സി.ജെയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 07-03-2019 ൽ അസി. എഞ്ചിനിയറുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഏറ്റെടുത്തു. പ്രവൃത്തിയുടെ കാലാവധി മൂന്ന് മാസമായിരുന്നു. നിർമ്മാണ വേളയിൽ ആവശ്യമായി വന്ന മാറ്റത്തിന് അനുസരിച്ച് ഒറിജിനൽ എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഇനം ഒഴിവാക്കുകയും എക്സ്ട്രാ ഐറ്റമായി എട്ട് ഇനങ്ങൾ കൂട്ടി ചേർക്കുകയും ചെയ്ത് എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങി. T.S.No. 104924/18-19/AEE/EBP/20-09-19 പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 869161/- രൂപയാണ്. 06-06-19 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രസ്തുത പ്രവൃത്തി 28-10-19 ലാണ് പൂർത്തീകരിച്ചത്. 2019-20 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങിയ ടി പ്രവൃത്തിക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. യഥാ സമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയിട്ടുമില്ല.

ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ കരാറുകാരൻ ക്വോട്ട് ചെയ്ത ഐറ്റം പ്രതിയുള്ള നിരക്ക് കണക്കാക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള PAC തുക 1404872.70 രൂപയായിരുന്നു. കരാറുകാരൻ ഐറ്റം പ്രകാരം ക്വോട്ട് ചെയ്ത ആകെ തുക 1212328.66 രൂപയാണ്. ആയത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 13.71% കുറവാണ്. ഈ സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 13.71% കുറച്ചുള്ള തുകയാണ് കരാറുകാരന് അനുവദിച്ച് നൽകേണ്ടിയിരുന്നത്. എന്നാൽ പ്രസ്തുത ഇനങ്ങൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഇതുമൂലം കരാറുകാരന് 116474 രൂപ അർഹതപ്പെട്ടതിനേക്കാൾ അധികം നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അനുവദിച് നൽകിയ അളവ്, നിരക്ക്, പ്രതിഫലം | അർഹമായ അളവ്,നിരക്ക്,പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|---|
| 1. | Steel Work In Built Up Tubular Trusses Etc. ............. | 3054.32kg @130.07/Kg =397275.4 | 3054.32kg @112/Kg =342083.84 | 55191.56 |
| 2. | Supplying, Cutting, Welding And Placing In Position 50mm GI B Class Pipe Post | Not Done | 0 | 0 |

| | | | | |
|---|---|---|---|---|
| 3. | Providing An Laying In Position Cc 1:2:4 Using Graded Stone Aggregate 20mm Nominal Size | 0.97m3 @ 7900.59/M3 = 7663.57 | 0.97m3 @ 6953/M3 = 6744.41 | 919.16 |
| 4. | Centering & Shuttering , Removel Of Form Work As Per Specification | 12.96m2 @ 279.52/M2 = 3622.58 | 12.96m2 @ 241/M2 = 3123.36 | 499.22 |
| 5. | Providing And Fixing Aluminium Trafford Sheet 0.45mm Or Nearest Available Thickness As Per Specification | 411.35m2 @747.35/M2 = 307422.42 | 411.35m2 @655/M2 =269434.25 | 37988.17 |
| 6. | Providing And Fixing Aluminium Sheet Roofing Accessories As Per Specification | 26.3m2 @ 748.11/M2 = 19675.29 | 26.3m2 @ 655/M2 = 17239.6 | 2435.69 |
| 7. | Supplying An Fixing 200mm Dia PVC Rain Water Gutter As Per Specification | 56.35m @ 323.89/M = 18251.20 | 56.35m @ 282/M = 15890.7 | 2360.5 |
| 8. | Finishing Steel Work With Deluxe Multi Surface | 237.30m2 @122.14/M2 = 28983.82 | 237.30m2 @100/M2 = 23730 | 5253.82 |

| | | | | |
|---|---|---|---|---|
| | Paint Two Or More Coat Over An Under Coat Of Primer As Per Specification | | | |
| | Extra Items | | | |
| 1. | Supplying, Cutting, Welding And Placing In Position 100mm GI B Class Pipe Post Including All Cost Labour, Charges Etc. | 99m @592.98/M = 58705.02 | 99m @511.68/M = 50656.32 | 8048.70 |
| 2. ◌̆◌̆ | Providing And Fixing PVC Pipes Including Fixings Pipe 75mm Dia 4kg/Cm2 | 58.80m @ 207.46/M = 12198.65 | 58.80m @ 179.01/M =10525.78 | 1672.87 |
| 3. | Providing And Fixing PVC Pipes Including Fixings Pipe 110mm Dia 4kg/Cm2 | 41.8m @ 298.93/M = 12495.27 | 41.8m @ 257.95/M = 10782.31 | 1712.96 |
| 4. | Providing And Fixing PVC Moulded Fittings 75mm Dia 45 Degree Elbow | 14 Nos. @ 67.52/E = 945.28 | 14 Nos. @ 58.26/E = 815.64 | 129.64 |
| 5. | Providing And Fixing PVC Moulded | 7 Nos. @ 85.52/E =598.64 | 7 Nos. @ 73.8/E =516.60 | 82.04 |

| | | | | |
|---|---|---|---|---|
| | Fittings 75mm Dia Bend | | | |
| 6 | Providing And Fixing PVC Moulded Fittings 110mm Dia 45 Degree Elbow | 1 No. @ 101.88/E = 101.88 | 1 No. @ 87.91/E = 87.91 | 13.97 |
| 7. | Providing And Fixing PVC Moulded Fittings 110mm Dia Bend | 5 No. @157.63/E = 788.15 | 5 No. @136.01/E = 680.05 | 108.10 |
| 8. | Providing And Fixing PVC Moulded Fittings 110x75mm Dia Reducer | 4 No. @ 104.18/E = 416.72 | 4 No. @ 89.90/E = 359.6 | 57.12 |
| | | 869143.89 | 752670.37 | 116473.52 |

ടി അപാകത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/25-03-21) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധിക പ്രതിഫലം നൽകിയത് സംബന്ധിച്ച് കരാറുകാരനെ ബോധ്യപ്പെടുത്തിയതായും പ്രസ്തുത തുക കരാറുകാരൻ എത്രയും പെട്ടെന്ന് തിരിച്ചടയ്ക്കാമെന്ന് സമ്മതിച്ചതായും അറിയിച്ചു. കരാറുകാരൻ തുക ഒടുക്ക് വരുത്താത്ത പക്ഷം ടി തുക, നഷ്ടത്തിന് ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ലാപ്പ്ടോപ്പ് വാങ്ങൽ - ബില്ലിനേക്കാൾ അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ (Scp) |
| പ്രോജക്ടിന്റെ നമ്പർ | 109/2019-20 |
| വിഭാഗം | എസ്.സി.പി |
| അടങ്കൽ | 700000 |
| ചെലവ് | 499896(18ലാപ്പ്ടോപ്പ്), ബിൽനം. 4/2019-20 തീയതി 16.03.2020 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ | ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |

| | |
|---|---|
| പേര് | വാങ്ങൽ(Scp) |
| പ്രോജക്ടിന്റെ നമ്പർ | 187/2019-20(So) |
| വിഭാഗം | എസ്.സി.പി |
| അടങ്കൽ | 480000 |
| ചെലവ് | 166632(6ലാപ്പ്ടോപ്പ് ),ബിൽനം. 5/2019-20 തീയതി 16.03.2020 |

മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകളിലായി സെട്രൽ പ്രോക്യുയർമെന്റ് സെൻറർ സിസ്റ്റത്തിലൂടെ (കെൽട്രോൺ വഴി) 24 ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച പെർഫോമ ഇൻവോയിസ് പ്രകാരം 24 ലാപ്പ്ടോപ്പുകളുടെ വില 659736 രൂപയാണ്. ലാപ്പ്ടോപ്പുകൾ കൈമാറിയ സമയത്ത് കെൽട്രോൺ സമർപ്പിച്ച ബിൽ പ്രകാരം 24 ലാപ്പ്ടോപ്പുകളുടെ ആകെ വില 634368 രൂപയെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400003959) 16-03-2020 ൽ ലാപ്പ്ടോപ്പുകളുടെ വിലയായി 666528 (499896+166632) രൂപയാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. ബിൽ തുകയേക്കാൾ 32160 രൂപ അധികം ചെലവഴിച്ചത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9 തീയതി 27-03-2021) മറുപടി ലഭ്യമാക്കിയില്ല. അധികമായി ഐ.ടി മിഷന് നൽകിയ 32160 (666528-634368 ) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 149996 | സാന്ത്വന പരിചരണം | 0 | 149996 * |
| | | 462400 | ലൈഫ് മിഷൻ (ജനറൽ) | 462400 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 150000 | അങ്കണവാടി പോഷഹാകാരം | 150000 | 0 |
| | | 230000 | നെൽകൃഷി കൂലിച്ചെലവ് | 230000 | 0 |
| | | 400000 | പാലിന് സബ്സിഡി | 0 | 400000 * |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | സാന്ത്വന പരിചരണം | 0 | 300000 * |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 137600 | ലൈഫ് മിഷൻ (ജനറൽ) | 137600 | 0 |
| (* ടി തുകകൾ 2020-21 വർഷം സ്പിൽ ഓവർ പ്രോജക്ടിലൂടെ ചെലവഴിച്ചിട്ടുണ്ട്.) | | | | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 114/20 ചെന്നീർക്കര | 1905252014000853626/ | 49560 | 137470 | 0 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22.11.2019 | | | |
| | | 1905252014000839772/ 19.11.2019 | 87910 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(എം.എസ്.) നം. 68/18/ത.സ്വ.ഭ.വ. തീയതി 18.05.2018 | 440000 | 440000 | 117646 | | 322354 |

## 4-5 സ്ഥിര നിക്ഷേപം

**ഇല്ല**

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29831 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 4061 | സുനിതാ ബീഗം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 120050101833/08.10.2020 |
| 2018-19 | 1-15 | 20802 | സുനിതാ ബീഗം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 120050101833/08.10.2020 |
| 2017-18 | 2-5 | 4968 | കിരൺ സജീവ് | 120050102192/09.11.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി കൃത്യമായി ഈടാക്കുന്നില്ല | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശിക സഹിതം ഈടാക്കിയിട്ടുണ്ട്.<br>സെന്റ് ജോൺസ് കോളേജിന് വസ്തു നികുതി ആർ.ആർ. നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കുന്നില്ല | സെന്റ് ഏലിയാസ് സ്കൂളിലെ ജീവനക്കാരുടെ നികുതി ഈടാക്കിയിട്ടുണ്ട്.<br>മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 2015-16 | 2-2 | 2016-17 | അനുബന്ധം 6 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | നിലവിൽ നികുതി ഈടാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

# (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62295353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50690879 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 148634 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 116474 | ശ്രീമതി സംഗീതാ പത്മരാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 32160 | ശ്രീമതി ഷംമ്ന ഐ, ഹെഡ് മിസ്ട്രസ്സ് |

| | | | |
|---|---|---|---|
| | | 148634 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-18 | 1714 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സംഗീത പത്മരാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മെഴുവേലി ഗ്രാമപഞ്ചായത്ത് | ഭദ്രദീപം, മഞ്ഞനിക്കര, ഓമല്ലൂർ പി.ഒ, പത്തനംതിട്ട |
| ശ്രീമതി ഷംല്ല ഐ | ഹെഡ് മിസ്ട്രസ്സ്, ഗവ എൽ.പി.എസ്, പ്രക്കാനം | ഫിർദൗസ്, ഐവർകാലാ വെസ്റ്റ്, പുത്തനമ്പലം പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/227/04 തീയതി 05.08.2004 | 6 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1147/07 തീയതി 30.06.2008/31.10.2008 | 6 | |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1148/07 തീയതി 30.06.2008/31.10.2008 | 3 | |
| 2002-03 (ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി.3/144/07 തീയതി 23.08.2007/09.08.2007 | 4 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/17/07 തീയതി | 12 | |

| | | | |
|---|---|---|---|
| | 10.07.2007/12.11.2007 | | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/212/09 തീയതി 19.09.2009 | 4 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.11/213/09 തീയതി 19.09.2009 | 4 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 10 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 10 | |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.12..../13 തീയതി 30.11.2013 | 1 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി 30.11.2013/07.06.2014 | 1 | |
| 2012-13&2013-14 | എൽ.എഫ്.പി.റ്റി.എ.പി.5/972/14 തീയതി 20.01.2015 | 2 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609/2016തീയതി 03.06.2016 | 6 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209/2016 തീയതി 05.11.2016 | 3 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി5/820/2017 തീയതി 22.07.2017 | 11 | |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി5/1534/2018 തീയതി 13.12.2018 | 5 | |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി5/917/19 തീയതി 03.12.2019 | 10 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്